# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA/KKD/P8/979/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 31/05/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നമ്പർ: KSA/KKD/P8/979/22 തീയ്യതി: 31/05/2022

## കോഴിക്കോട് ജില്ലയിലെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 23-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പ്യാരിലാൽ.ടി.സി | ജോയിന്റ് ഡയറക്ടർ | 23-05-2022 | 26-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-05-2022 | 26-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.സതീഷ് കുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.ജയകുമാർ പാലോളി, അസി.ഓഡിറ്റ് ഓഫീസ്ർ
ശ്രീ.ജയൻ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബിൻ കെ.എസ്, ഓഡിറ്റർ
ശ്രീ.വിജേഷ് കെ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുമ തെക്കണ്ടി | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| ശ്രീലത.എം | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ജോബി.സാലസ് | സെക്രട്ടറി | 01-04-2020 | 01-02-2021 |
| സലിമോൻ പി.വി | സെക്രട്ടറി | 25-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| നസീമ.കെ.കെ | കൃഷി അസി.ഡയറക്ടർ | 01-04-2020 | 30-06-2020 |
| രേണു.പി | കൃഷി അസി.ഡയറക്ടർ | 06-07-2020 | 31-03-2021 |
| പ്രീത.എം.പി | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 18-05-2020 |
| അബ്ദുൾ അസീസ് | പട്ടികജാതി വികസന ഓഫീസർ(ഇൻ ചാർജ്) | 19-05-2020 | 30-07-2020 |
| പ്രീത.എം.പി | പട്ടികജാതി വികസന ഓഫീസർ | 01-08-2020 | 22-09-2020 |
| സജീവൻ | പട്ടികജാതി വികസന ഓഫീസർ | 23-09-2020 | 31-03-2021 |
| സീജ.എൻ.പി | അ.എക്സി.എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| വിൻസി വിജയൻ | അസി. എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| തസ്ലീന എൻ.പി | സി.ഡി.പി.ഒ | 01-04-2020 | 17-09-2020 |
| ഷീനി.ജി.കെ | സി.ഡി.പി.ഒ | 17-09-2020 | 31-03-2021 |
| അനൂപ് ഷിനു.കെ | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| മാർട്ടിൻ സനൽകുമാർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഉഷ നടുവിലക്കണ്ടി | മെഡിക്കൽ ഓഫീസർ, പി.എച്ച്. സി | 01-04-2020 | 31-03-2021 |

..

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Vijesh K.K (Auditor, On 27-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-05-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Vijesh K.K (Auditor, On 25-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-05-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Vijesh K.K (Auditor, On 25-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Vijesh K.K (Auditor, On 25-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-05-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം (ACRപ്രകാരം)<br>Written By: Vijesh K.K (Auditor, On 25-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Sathish Kumar K (Audit Officer (HG), On 27-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-05-2022) | 1-5 |
| 7 | സംരംഭം ആരംഭിച്ചിട്ടില്ല - സബ്സിഡി തുക തിരികെ വാങ്ങിയില്ല<br>Written By: Sathish Kumar K (Audit Officer (HG), On 26-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-05-2022) | 1-6 |
| 8 | തരിശ് നിലത്ത് നെൽകൃഷിക്ക് ധനസഹായം- തുടർവർഷങ്ങളിൽ കൃഷി നടത്തിയോ എന്ന് ഉറപ്പാക്കുന്നില്ല.<br>Written By: Jayakumar Paloli (Asst. Audit Officer, On 26-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-05-2022) | 1-7 |
| 9 | ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പട്ടികവർഗ്ഗകുടുംബങ്ങൾ ഉണ്ടായിരിക്കെ ടി.എസ്.പി ഫണ്ട് തിരിച്ചടക്കുന്നു.<br>Written By: Jayakumar Paloli (Asst. Audit Officer, On 26-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-05-2022) | 1-8 |
| 10 | ലക്ഷകണക്കിന് രൂപ മുടക്കി  നിർമ്മിച്ച കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല<br>Written By: Jayan P (Senior Grade Auditor, On 26-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-05-2022) | 1-9 |
| 11 | വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കാനായി വാങ്ങിയ സ്ഥലത്ത് നിർമ്മിക്കുന്ന പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് കെട്ടിടനിർമ്മാണം നിയമാനുസൃതമാണെന്ന് ഉറപ്പുവരുത്തണം-വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം<br>Written By: Jayan P (Senior Grade Auditor, On 26-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-05-2022) | 1-10 |
| 12 | പ്രവൃത്തി പൂർത്തീകരണത്തിൽ വൻകാലതാമസം നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Jayan P (Senior Grade Auditor, On 26-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 31-05-2022) | 1-11 |
| 13 | പൊതുമരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ പൊതു അപാകതകൾ<br>Written By: Jayan P (Senior Grade Auditor, On 26-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 31-05-2022) | 1-12 |
| 14 | സി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല<br>Written By: Shibin K S (Auditor, On 26-05-2022) | 1-13 |

| | | |
|---|---|---|
| | Last Updated By: Pyarilal.T.C (Joint Director, On 30-05-2022) | |
| 15 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അപാകതകൾ<br>Written By: Shibin K S (Auditor, On 26-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 31-05-2022) | 1-14 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Vijesh K.K (Auditor, On 23-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Vijesh K.K (Auditor, On 25-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-05-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ<br>Written By: Vijesh K.K (Auditor, On 25-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Vijesh K.K (Auditor, On 25-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-05-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Vijesh K.K (Auditor, On 25-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-05-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Vijesh K.K (Auditor, On 25-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Vijesh K.K (Auditor, On 25-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Vijesh K.K (Auditor, On 23-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Vijesh K.K (Auditor, On 23-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവവലോകനം<br>Written By: Vijesh K.K (Auditor, On 27-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Vijesh K.K (Auditor, On 23-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

തോടന്നൂർ ബ്ലോക്ക്പഞ്ചായത്ത് ഭരണസമിതിയുടെ 25.3.20 തിയ്യതിയിലെ 1/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച 2020-21 വർഷത്തെ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. പുതുക്കിയ ബജറ്റ് 17.02.2021 -ലെ ഭരണസമിതി തീരുമാന നമ്പർ 01/01 പ്രകാരവും അംഗീകരിച്ചു. അംഗീകരിക്കപ്പെട്ട ബജറ്റിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരമുള്ളത് | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|---|
| മുന്നിരിപ്പ് | 1451291 | 4074937 | 2043872 |
| വരവ് | 61436304 | 27819964 | 50809430 |
| ആകെ | 62887595 | 31894901 | 52853302 |
| ചെലവ് | 60871824 | 28768495 | 50747153 |
| നീക്കിയിരിപ്പ് | 2015771 | 1594705 | 2106149 |

മേൽ പട്ടികയിൽ യഥാർത്ഥ ബജറ്റും പുതുക്കിയ ബജറ്റും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവ്/ ചെലവ് തുകകളും കൊടുത്തിരിക്കുന്നു. ഇത് പ്രകാരം ബജറ്റ് തയ്യാറാക്കിയതും പുതുക്കിയതും യഥാർത്ഥത്തിലുള്ള വരവ് ചെലവുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതായി കാണാവുന്നതാണ്. യഥാർത്ഥ ബജറ്റിൽ 14.5 ലക്ഷം രൂപയാണ് മുന്നിരിപ്പായി കണക്കാക്കിയത്, പുതുക്കിയ ബജറ്റിൽ ഇത് മൂന്ന് ഇരട്ടിയായി വർദ്ധിപ്പിച്ച് 40.74ലക്ഷം രൂപയാണ് മുന്നിരിപ്പായി കൊടുത്തിരിക്കുന്നത്. എന്നാൽ യഥാർത്ഥ മുന്നിരിപ്പ് 20.43 ലക്ഷം രൂപയാണ്. വരവിനത്തിലും ചെലവിനത്തിലും യഥാർത്ഥ ബജറ്റും പുതുക്കിയ ബജറ്റും തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നു. എന്നാൽ യഥാർത്ഥ വരവ് ചെലവും യഥാർത്ഥ ബജറ്റും തമ്മിൽ പുതുക്കിയ ബജറ്റിനെ അപേക്ഷിച്ച് വ്യത്യാസം കുറവാണ് എന്നതും കാണാവുന്നതാണ്. സാമ്പത്തിക വർഷാവസാനം മാത്രം തയ്യാറാക്കുന്ന പുതുക്കിയ ബജറ്റ് യാഥാർത്ഥ്യത്തോട് അടുത്ത് നിൽക്കേണ്ടതായിരുന്നു.

ബജറ്റ് തയ്യാറാക്കുമ്പോൾ എന്തൊക്കെ നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ് എന്ന് മുൻ വർഷ

ഓഡിറ്റ് റിപ്പോർട്ടിൽ (2019-20) വിശദമായി പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങളൊന്നും 2020-21 -ലെ ബജറ്റ് തയ്യാറാക്കുന്നതിലും പാലിച്ചിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കുന്നതിനായി ബജറ്റ് മാന്വലിലെയും പഞ്ചായത്ത് രാജ് നിയമങ്ങളിലെയും നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ഇത് സെക്രട്ടറിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 21.06.2021 |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 -ലെ വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) 2020-21 വർഷം സാംഖ്യയിൽ ബാങ്ക് റിക്കൺസിലിയേഷൻ ചെയ്തിട്ടില്ല.

2)ലോൺ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി നൽകിയിട്ടില്ല.

3) ബാലൻസ് ഷീറ്റ് B-9 സ്റ്റേറ്റ്മെന്റുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

4) അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

5) 2019-20 -ലെ റീഡംഷൻ തുകയായി ബാലൻസ് ഷീറ്റ് B-15 -ൽ ഉള്ള 4962012/- രൂപ 2020-21 -ൽ തിരികെ വന്നത് Other Deposit എന്ന ഹെഡിലാണ് കാണിച്ചിരിക്കുന്നത്. എന്നാൽ ഈ തുക സെറ്റ് ഓഫ് ചെയ്തിട്ടില്ല.

6) വാർഷിക കണക്ക് B-7 പ്രകാരം Deposit Received ആയി വിവിധ ഹെഡുകളിൽ ഡെപ്പോസിറ്റ് നീക്കിയിരിപ്പുണ്ട്. എന്നാൽ ഇവയ്ക്ക് ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7) വാർഷിക കണക്ക് B-14 -ൽ സ്റ്റോക്ക് ഇൻ ഹാന്റ് ഒന്നുമില്ല എന്നാണ് കാണിച്ചിരിക്കുന്നത്. എന്നാൽ പഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പുള്ള സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.

8) B-4 സ്റ്റേറ്റ്മെന്റ് പ്രകാരം Recovery Payable- COVID അക്കൗണ്ട് നീക്കിയിരിപ്പ് തുക 239422/- രൂപയാണ്. എന്നാൽ എന്നാൽ B-17 പ്രകാരമുള്ള ട്രഷറി കോവിഡ് അക്കൗണ്ടിൽ നീക്കിയിരിപ്പ് തുകയായി 231191/- രൂപയാണുള്ളത്. ഈ അക്കൗണ്ടിന്റെ 3/2021 ലെ ബാങ്ക് ബുക്ക് ലഭ്യമാക്കിയിട്ടില്ല.

9) ആസ്തികൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയതിന് വർക്ക്ഷീറ്റ് വച്ചിട്ടില്ല.

10) ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ B-3 എന്നത് ഫിക്സഡ് അസറ്റിന്റെയും (B-11) ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിന്റെയും (B-11a) ആകെ തുകയാണ്. എന്നാൽ ഇവ തമ്മിൽ 1967046/- രൂപയുടെ വ്യത്യാസം കാണുന്നു.

11) RP-5 പ്രകാരം ടെണ്ടർ ഫോം ഇനത്തിൽ 12613/- രൂപ വരവുണ്ട്. എന്നാൽ വരവ് കൃത്യത ഉറപ്പ് വരുത്തുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

12) വാർഷിക കണക്ക്, ACR എന്നിവ തമ്മിൽ ചെലവ് തുകയിൽ ചുവടെ കൊടുത്ത പ്രകാരം വ്യത്യാസം കാണുന്നു.

| | ACR പ്രകരം | വാർഷിക കണക്ക് പ്രകാരം |
|---|---|---|
| വികസന ഫണ്ട് ജനറൽ | 22189296 | 22189296 |
| MG-Non Road | 2967955 | 2602761 |
| CFC Grand | 3127401 | 3055185 |

13) ജനറൽ പർപ്പസ് ഗ്രാന്റിനുള്ള ട്രഷറി സേവിങ്സ് അക്കൗണ്ടിൽ 1000007/- രൂപ നീക്കിയിരിപ്പുണ്ട് ഇതിൽ ഗ്രാന്റിനു പുറമെ 232823/- രൂപ നീക്കിയിരിപ്പായുണ്ട്. എന്നാൽ ഇവ ഏതൊക്കെ ഇനങ്ങളിലുള്ള വരവ് തുകകളാണ് എന്ന് സാധൂകരിക്കുന്നതിന് എ.സി.ആർ സൂക്ഷിച്ചിട്ടില്ല.

14) ചുവടെ കൊടുത്ത ബാങ്ക് അക്കൗണ്ടുകളിൽ പട്ടികയിൽ കൊടുത്ത പ്രകാരം നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| ഗ്രാമീൺ ബാങ്ക് A/c No-109067 | 8977/- |
| ഗ്രാമീൺ ബാങ്ക് A/c No-4129 | 9884.85/- |

15. ബ്ലോക്ക് പഞ്ചായത്തിലെ സാംഖ്യ രസീതിന് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

16.ചെലവ് പത്രിക പ്രകാരം ലൈഫ് പി.എം.എ.വൈ ഭവന പദ്ധതിയ്ക്കായി കേന്ദ്രാവിഷ്കൃത ഫണ്ട് ഇനത്തിലും മറ്റ് ഗ്രാമപഞ്ചായത്ത് ഇനത്തിലും തുക വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തെങ്കിലും ഈ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

17.ബ്ലോക്ക് പഞ്ചായത്തിൽ ഇന്ററപ്റ്റഡ് രസീറ്റായി 2020-21 ൽ ഉപയോഗിച്ച "രസീറ്റ് ബുക്ക് നം. 6' ൽ

2020-21, 2021-22, 2022-23 വർഷങ്ങളിൽ തുക ഈടാക്കിയിട്ടുണ്ട്. രസീറ്റ് ബുക്കിലെ സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാത്ത രസീറ്റുകൾ ക്യാൻസൽ ചെയ്യുകയോ പുതിയ രസീറ്റ് ബുക്ക് എടുക്കുകയോ ചെയ്തിട്ടില്ല.

അപാകതകൾക്ക് വിശദ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20,43,872 |
| വരവ് | 5,08,09,430 |
| ആകെ | 5,28,53,302 |
| ചെലവ് | 5,07,47,153 |
| നീക്കിയിരിപ്പ് | 21,06,149 |

## 1-4 ഫണ്ട് വിനിയോഗം (ACRപ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായതുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 2218931 | 2218931 | 22189296 | 15 |
| വികസന ഫണ്ട് .S.C.P | - | 4703192 | 4703192 | 4424000 | 279192 |
| C.F.C ഗ്രാന്റ് | - | 4170000 | 4170000 | 3127401 | 1042599 |
| M.G. (Non Road) | - | 3873424 | 3873424 | 2967955 | 905469 |

## 1-5 പദ്ധതി അവലോകനം

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ വാർഷിക പദ്ധതി വകയിരുത്തലും അതിൽ നിന്നുള്ള ചെലവും താഴെ പറയും പ്രകാരമാണ്.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയവയുടെ | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|

| | | | | എണ്ണം | |
|---|---|---|---|---|---|
| 107 | 65383240 | 79 | 37659333 | 1 | 27 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം പരിശോധിച്ചു. മെഡിക്കൽ ഓഫീസർ (സി.എച്ച്.സി), കൃഷി അസിസ്റ്റന്റ് ഡയറക്ടർ, പട്ടികജാതി വികസന ഓഫീസർ എന്നിവർ രൂപീകരിച്ച മുഴുവൻ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ, സെക്രട്ടറി എന്നിവർ ഭാഗികമായി മാത്രമാണ് പദ്ധതി നിർവ്വഹണം ചെയ്തത്. ഇക്കാരണത്താൽ പദ്ധതിക്കൾക്കായി അനുവദിച്ച ധനകാര്യകമ്മീഷൻ ഗ്രാന്റ്, റോഡിതര മെയിന്റനൻസ് ഫണ്ട് എന്നിവ ചെലവഴിക്കുന്നതിന് സാധിച്ചിട്ടില്ല.

## 1-6 സംരംഭം ആരംഭിച്ചിട്ടില്ല - സബ്സിഡി തുക തിരികെ വാങ്ങിയില്ല

തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ "വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം" (പ്രോജക്ട് നമ്പർ 79/20-21) എന്ന പദ്ധതിയിലൂടെ 10,00,000/- (പത്തു ലക്ഷം രൂപ) 4 യൂണിറ്റുകൾക്കായി (2,50,000 വീതം) രൂപ നൽകി ചെലവഴിച്ചിട്ടുണ്ട്.

പൈങ്ങോട്ടായിലുള്ള സാഫല്യം കോക്കനട്ട് പേസ്റ്റ് യൂണിറ്റിനും ഇപ്രകാരം 2,50,000/- രൂപ 11.04.2020 ന് കേരള ഗ്രാമീൺ ബാങ്കിലേയ്ക്ക് ലോണിന്റെ സബ്സിഡിയായി നൽകിയിരുന്നു. എന്നാൽ തങ്ങൾക്ക് ഈ സംരംഭം ആരംഭിക്കാൻ സാധിക്കാത്തതിനാൽ സബ്സിഡിയായി നൽകിയ തുക തിരിച്ചു പിടിച്ചു കൊള്ളുവാൻ ആവശ്യപ്പെട്ടതായി കാണുന്നു.

ഗ്രൂപ്പ് രൂപീകരിച്ച് 6 മാസം കഴിഞ്ഞ ശേഷമുള്ള ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പിന് നൽകേണ്ട സബ്സിഡി, ആരംഭിക്കാത്ത സംരംഭത്തിന് നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്. തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ഓഡിറ്റിന് ഹാജരാക്കേണ്ടതും, തിരികെ ഈടാക്കിയിട്ടില്ലെങ്കിൽ ആയതിന് വിശദീകരണം നൽകേണ്ടതുമാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറിക്ക് (നം.7/20-21, തീ-25.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത യൂണിറ്റിന് നൽകിയ 2,50,000/- രൂപ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-7 തരിശ് നിലത്ത് നെൽകൃഷിക്ക് ധനസഹായം- തുടർവർഷങ്ങളിൽ കൃഷി നടത്തിയോ എന്ന് ഉറപ്പാക്കുന്നില്ല.

തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന പഞ്ചായത്തുകളിൽ തരിശായി കിടക്കുന്ന നെൽവയലുകളിൽ നെൽകൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് "പ്രോജക്ട് നം 109/20-21- തരിശ് നിലത്ത് നെൽകൃഷി" പദ്ധതി നടപ്പിലാക്കിയത്. ഓഡിറ്റ് വർഷം തരിശായികിടന്ന നെൽപ്പാടങ്ങൾ കൃഷിക്ക് ഉപയുക്തമാക്കി കൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 40,000/- രൂപ നിരക്കിൽ ആകെ 1,10,000/- രൂപ ഓഡിറ്റ് വർഷം കൃഷി അസിസ്റ്റന്റ് ഡയരക്ടർ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി ചെലവ് പരിശോധിച്ചതിൽ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ നാട്ടകം കൃഷിക്കൂട്ടായ്മ, മണ്ണായം കർഷക സ്വയം സഹായ സംഘം എന്നിവയ്ക്കും അവർ കൃഷിനടത്തിയ സ്ഥലം ഉടമസ്ഥർക്കുമാണ് പദ്ധതിയിൽ ധനസഹായം നൽകിയിരിക്കുന്നത്. സംഘങ്ങൾക്ക് മൂന്ന് വർഷം നെൽകൃഷി ചെയ്യുന്നതിനായി സ്ഥലം പാട്ടത്തിനുകൊടുക്കുന്നതായി ഉടമകളുടെ സമ്മതപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത സംഘങ്ങൾ തുടർവർഷങ്ങളിൽ നെൽകൃഷി ചെയ്തിട്ടുണ്ടോ എന്ന് ഫയലിൽ നിന്നും വ്യക്തമല്ല. തരിശ് നിലത്ത് നെൽകൃഷി പദ്ധതിയിൽ ധനസഹായം നൽകുന്ന ഭൂമി തുടർവർഷങ്ങളിൽ കൃഷിയിറക്കാതെ വീണ്ടും തരിശായി മാറുന്നതിനിടയാക്കുകയും തരിശ് കിടന്ന സ്ഥലം കൃഷിക്ക് ഉപയുക്തമാക്കുന്നതിനായി ഉയർന്ന നിരക്കിൽ നൽകുന്ന ധനസഹായം കൊണ്ട് ഉദ്ദേശിച്ച ഗുണഫലം ലഭിക്കാതെ പോകുന്നതിനുമിടയാക്കും. ആയതിനാൽ തരിശ് ധനസഹായം നല്കുന്ന കൃഷിഭൂമികളിൽ തുടർന്ന് കൃഷിചെയ്യുന്നു എന്ന് ഉറപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-8 ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പട്ടികവർഗ്ഗകുടുംബങ്ങൾ ഉണ്ടായിരിക്കെ ടി.എസ്.പി ഫണ്ട് തിരിച്ചടക്കുന്നു.

ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 18/01/2021 ലെ 01(10)/2020-21 നമ്പർ തീരുമാന പ്രകാരം നിലവിൽ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ അർഹരായ പട്ടികവർഗ്ഗ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ സർക്കാരിലേക്ക് തിരിച്ചടക്കാൻ ഭരണസമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് വർഷം ടി.എസ്.പി ഫണ്ടായി ബ്ലോക്ക് പഞ്ചായത്തിനു ലഭിച്ച 2,37,000/- രൂപ സർക്കാരിലേക്ക് തിരിച്ചടവാക്കിയിട്ടുണ്ട്. എന്നാൽ 2011 -ലെ സെൻസസ് പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 304 പേർ ബ്ലോക്ക് പഞ്ചായത്തിൽ ഉണ്ട്. നിലവിൽ പട്ടികവർഗ്ഗ ജനസംഖ്യ അതിലും കൂടാനാണ് സാധ്യത. ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ പൊതു/മേഖലാച്ചുമതലയിൽപ്പെട്ട ഒരു കർത്തവ്യവും ഈ വിഭാഗക്കാർക്ക് ചെയ്യാനില്ല എന്നും, അതിന് അർഹതപ്പെട്ട ഗുണഭോക്താക്കൾ ഇല്ല എന്നുമുള്ള നിഗമനത്തിൽ ബ്ലോക്ക് പഞ്ചായത്ത് എത്തിച്ചേർന്നത്. ഡാറ്റ/രേഖകളുടെ അടിസ്ഥാനത്തിലല്ല ചെലവ് ശതമാനം 100 കാണിക്കാനാണ് ഇത്തരത്തിൽ തുക തിരിച്ചടച്ചത് എന്ന് വ്യക്തമാണ്. ചട്ടപ്രകാരം ഈ വിഭാഗക്കാർക്ക് ലഭ്യമാക്കേണ്ട സാമൂഹികമായി പിൻബലം ഉറപ്പ് വരുത്തുന്ന പദ്ധതികൾ തയ്യാറാക്കി ആയത് നടപ്പിലാക്കാൻ ശ്രമിക്കാതെ ഇത്തരത്തിൽ സർക്കാരിൽ നിന്നും അനുവദിച്ച് കിട്ടിയ പണം തിരിച്ചടച്ചതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും ചൂണ്ടികാണിച്ചിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് വർഷവും ഇതേ രീതിയിൽ ടി.എസ്.പി ഫണ്ട് തിരിച്ചടവാക്കിയിട്ടുണ്ട് ആയത് വിശദീകരിക്കേണ്ടതാണ്.

1-9 ലക്ഷകണക്കിന് രൂപ മുടക്കി നിർമ്മിച്ച കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല

2017-18-ൽ ആവിഷ്കരിച്ച് നിർമ്മാണം പൂർത്തിയാക്കി 2020 ഒക്ടോബറിൽ ഉദ്ഘാടനം കഴിഞ്ഞ പട്ടികജാതി വികസന ഓഫീസ് കെട്ടിടം, മൾട്ടിലെവൽ പ്രൊഡക്ഷൻ മാർക്കറ്റിംഗ് യൂണിറ്റ് കെട്ടിടം എന്നിവയും വ്യവസായ ഉത്പാദന വിതരണ കേന്ദ്രവും നിലവിലും ഉപയോഗിക്കാതെ പൂട്ടികിടക്കുന്നതായി 25.05.2022- ന് നടത്തിയ സ്ഥല പരിശോധനയിൽ കാണുകയുണ്ടായി. കൂടാതെ 2017-18 ൽ പദ്ധതി ആവിഷ്കരിച്ച് നിർമ്മാണം തുടങ്ങിയ എ.ഇ.ഇ, എ.ഡി.എ ഓഫീസുകളുടെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം തുടങ്ങിയിട്ടില്ല.

2020-21 വരെയുള്ള ചെലവിന്റെ വിശദാംശം താഴെകൊടുക്കുന്നു.

| | |
|---|---|
| പട്ടികജാതി വികസന ഓഫീസ് കെട്ടിടം | 7,44,813 |
| മൾട്ടിലെവൽ പ്രൊഡക്ഷൻ മാർക്കറ്റിംഗ് യൂണിറ്റ് കെട്ടിടം | 11,97,427 |
| വ്യവസായ ഉത്പാദന വിതരണ കേന്ദ്രം | 7,45,997 |
| എ.ഇ.ഇ, എ.ഡി.എ ഓഫീസുകൾ | 17,98,861 |

1)<u>മൾട്ടിലെവൽ പ്രൊഡക്ഷൻ മാർക്കറ്റിംഗ് യൂണിറ്റ്, വ്യവസായ ഉത്പാദന വിതരണ കേന്ദ്രം</u>

മൾട്ടിലെവൽ പ്രൊഡക്ഷൻ മാർക്കറ്റിംഗ് യൂണിറ്റ്, വ്യവസായ ഉത്പാദന വിതരണ കേന്ദ്രം എന്നീ കെട്ടിടങ്ങൾ വ്യവസായ മേഖലയുടെ ഉണർവ്വിനായി നിർമ്മിച്ച കെട്ടിടങ്ങളാണെന്ന് അവയുടെ പേരിൽ നിന്ന് മനസ്സിലാകുന്നുണ്ടെങ്കിലും കെട്ടിടം നിർമ്മിച്ചുവെന്നല്ലാതെ വ്യവസായത്തിന് ആവശ്യമായ മറ്റൊരു അടിസ്ഥാന സൗകര്യവും അവിടെ നിലവിലില്ല. ഏത് ആവശ്യത്തിനാണ് കെട്ടിടം പണിയുന്നതെന്നോ ഏങ്ങനെ കെട്ടിടം ഉപയോഗപ്പെടുത്താമെന്നത് സംബന്ധിച്ചോ യാതൊരു വിവരവും പദ്ധതിയിൽ രേഖപ്പെടുത്തിയിട്ടില്ല. ലക്ഷകണക്കിന് രൂപ മുടക്കി നിർമ്മിച്ച് 2020-ൽ ഉദ്ഘാടനം കഴിഞ്ഞ കെട്ടിടങ്ങൾക്ക് നിലവിൽ ഉപയോഗിക്കാതെ പൂട്ടികിടക്കുകയാണ് .

2)<u>പട്ടികജാതി യുവാക്കൾക്കുള്ള തൊഴിൽ പരിശീലനകേന്ദ്രം</u>

പട്ടികജാതി ഉപപദ്ധതി വിഹിതത്തിൽ നിന്നും 10,23,694/- രൂപ മുടക്കി 2016-17-ൽ നിർമ്മിച്ച് 2017-ൽ ഉദ്ഘാടനം നടത്തിയ പട്ടികജാതി യുവാക്കൾക്കുള്ള തൊഴിൽ പരിശീലന കേന്ദ്രം നിലവിൽ അസി.എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസായാണ് പ്രവർത്തിക്കുന്നതെന്നും കാണുകയുണ്ടായി. കെട്ടിടം പണിതതല്ലാതെ തൊഴിൽ പരിശീലനത്തിനുള്ള മറ്റൊരു അടിസ്ഥാന സൗകര്യവും അവിടെ ഒരുക്കിയതായി കാണുന്നില്ല. സമൂഹത്തിലെ പിന്നോക്കാവസ്ഥയിലുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകി ഉന്നതിയിലെത്തിക്കാനായി നിർമ്മിച്ച കെട്ടിടം നിർദ്ദിഷ്ട ആവശ്യത്തിന് ഉപയോഗിക്കാതിരിക്കുന്നത് ആ വിഭാഗത്തോടുള്ള അവഗണനയും ഫണ്ട്

വകമാറ്റലുമാണ്.

3) പട്ടികജാതി വികസന ഓഫീസ് കെട്ടിടം

പട്ടികജാതി ഉപപദ്ധതിവിഹിതത്തിൽ നിന്നും 7,44,813/- രൂപ മുടക്കി നിർമ്മിച്ച പട്ടികജാതി വികസന ഓഫീസ് കെട്ടിടം 2020 ഒക്ടോബറിൽ ഉദ്ഘാടനം കഴിഞ്ഞുവെങ്കിലും നിലവിൽ ഉപയോഗിക്കാതെ പൂട്ടികിടക്കുന്നു. കെട്ടിടനിർമ്മാണം പൂർത്തിയായെങ്കിലും ഫർണ്ണിച്ചർ പോലുള്ള യാതൊരു അടിസ്ഥാന സൗകര്യവും അവിടെ ഒരുക്കിയിട്ടില്ല. സമൂഹത്തിലെ പിന്നോക്കാവസ്ഥയിലുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനം ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന പട്ടികജാതി വികസന ഓഫീസിനായി നിർമ്മിച്ച കെട്ടിടം ഉപയോഗിക്കാതിരിക്കുന്നത് ആ വിഭാഗക്കാരോടുള്ള അവഗണനയാണ് കാണിക്കുന്നത്.

4)എ.ഇ.ഇ, എ.ഡി.എ ഓഫീസുകൾക്കായുള്ള കെട്ടിടം

2017-18-ൽ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന എ.ഇ.ഇ, എ.ഡി.എ ഓഫീസുകൾക്കായുള്ള കെട്ടിട നിർമ്മാണം നാളിതുവരെയായി പൂർത്തിയായിട്ടില്ല. 2020-21 വരെ 17,98,861/- രൂപ കെട്ടിടനിർമ്മാണത്തിന് ഉപയോഗിച്ചിട്ടുണ്ട്.

5)കെട്ടിടങ്ങളുടെ പരിപാലനത്തിലെ അപാകതകൾ

മേൽ കെട്ടിടങ്ങളുടെ മേൽക്കൂര മുഴുവൻ വിവിധ മാലിന്യങ്ങൾ കൊണ്ട് നിറഞ്ഞ് (ചപ്പുചവറുകളും കോൺക്രീറ്റ് മാലിന്യങ്ങളും) മഴവെള്ളം വാർന്ന് പോകുന്നതിന് തടസ്സം സൃഷ്ടിക്കുന്നതായി 25.05.2022-ന് ബ്ലോക്ക് പഞ്ചായത്ത് അധികൃതരൊടൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ കാണാൻ കഴിഞ്ഞു.

മേൽ വിഷയങ്ങൾ ചൂണ്ടിക്കാട്ടികൊണ്ടുള്ള ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.11/2020-21 /25.05.2022-ന് മറുപടി ലഭ്യമാക്കിയില്ല. ലക്ഷക്കണക്കിന് രൂപ പൊതു ഖജനാവിൽ നിന്നും മുടക്കി നിർമ്മിച്ച കെട്ടിടങ്ങൾ നിർദ്ദിഷ്ട ആവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. കെട്ടിടങ്ങളുടെ കോൺക്രീറ്റ് മേൽക്കൂരയിൽ വെള്ളം കെട്ടി കിടന്നാൽ കെട്ടിടത്തിന് ചോർച്ചയും ബലക്ഷയവും സംഭവിക്കാൻ സാധ്യതയുള്ളതിനാൽ അവിടെയുള്ള മാലിന്യങ്ങൾ അടിയന്തിരമായി നീക്കം ചെയ്യേണ്ടതാണ്. കെട്ടിടങ്ങൾ യഥാസമയം വൃത്തിയായി സൂക്ഷിക്കേണ്ടതുമാണ്. നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-10 വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കാനായി വാങ്ങിയ സ്ഥലത്ത് നിർമ്മിക്കുന്ന പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് കെട്ടിടനിർമ്മാണം നിയമാനുസൃതമാണെന്ന് ഉറപ്പുവരുത്തണം-വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം

പൊതു മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുക എന്നലക്ഷ്യം വെച്ച് 2017-18 -ൽ 47,78500/- രൂപ അടങ്കലിൽ ആവിഷ്കരിച്ച പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് കെട്ടിടനിർമ്മാണം 2020-21 കാലയളവിലും നടന്നില്ല. 2021-22 -ൽ പ്രോജക്ട് നം.78/21-22 പ്രകാരം 10,30,000/- രൂപ അടങ്കലിലേക്ക് തുക ചുരുക്കി ബ്ലോക്കിന്റെ അധീനതയിൽ ഉള്ള വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കാൻ വാങ്ങിയ ആയഞ്ചേരി പഞ്ചായത്തിലെ മണലേരി മലയിൽ യൂണിറ്റ് സ്ഥാപിക്കുന്നതിന് 09.09.2021- ലെ 2/2 നമ്പർ പ്രകാരം ഭരണസമിതി തീരുമാനിച്ചു. ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ നിർമ്മിക്കാൻ ഉദ്ദേശിച്ച കെട്ടിടം പ്രദേശവാസികളുടെ എതിർപ്പിനെ തുടർന്നാണ് മണലേരി മലയിൽ സ്ഥാപിക്കാൻ തീരുമാനിച്ചത്. പദ്ധതി നടത്തിപ്പിനായി 08.03.2022-ന് ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോപ്പറേറ്റീവ് സൊസൈറ്റിയുമായി കരാറിലേർപ്പെട്ടു (23/AE/LSGD/21-22/08.03.2022). 09.03.2022 മുതൽ പ്രവൃത്തി നടന്നുവരുന്നുണ്ട്. സാങ്കേതിക അനുമതി പ്രകാരം (96537/2021-22/30.03.2022) പ്രവൃത്തി 6 മാസം കൊണ്ട് പൂർത്തീകരിക്കേണ്ടതാണ്. പ്രവൃത്തി യഥാസമയം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. 47,78,500/-രൂപ ആദ്യ അടങ്കൽ 10,30,000/- രൂപയായി കുറച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

മിനിവ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുക എന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയാണ്. വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കാൻ ഉദ്ദേശിച്ച് 2009 -ൽ 9,30,000/- രൂപ ചെലവഴിച്ച് വാങ്ങിയ സ്ഥലത്ത് (നാല് ഏക്കർ വിസ്തൃതിയുണ്ട്) പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നിയമ തടസ്സങ്ങളൊന്നുമില്ലായെന്നും ഭാവിയിൽ അവിടെ നടത്തുന്ന വികസന പ്രവർത്തനങ്ങൾക്ക് തടസ്സമാകില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് കെട്ടിടനിർമ്മാണത്തിന് ആവശ്യമായ നിയമാനുസൃത അനുമതികൾ ലഭ്യമാക്കിയെന്നും ഉറപ്പുവരുത്തേണ്ടതാണ്. അപ്രകാരം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയാണെങ്കിൽ കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കാൻ സാധിക്കും. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.10/2020-21/25.05.2022-ന് മറുപടി ലഭ്യമാക്കിയില്ല. നിയമാനുസൃത നടപടിക്രമങ്ങളെല്ലാം പാലിച്ച് കൊണ്ടാണ് പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റിന്റെ നിർമ്മാണം നടക്കുന്നതെന്ന് ഉറപ്പുവരുത്തി കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വ്യവസായ എസ്റ്റേറ്റ് നിർമ്മിക്കുന്നതിനായി വാങ്ങിയ സ്ഥലത്ത് വ്യവസായമേഖലയുടെ ഉന്നമനത്തിനായി മിനിവ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-11 പ്രവൃത്തി പൂർത്തീകരണത്തിൽ വൻകാലതാമസം നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചില്ല

| | | | |
|---|---|---|---|
| പ്രവൃത്തിയുടെ പേര് | എ.ഇ.ഇ/എ.ഡി.എ ഓഫീസുകളുടെ കെട്ടിട നിർമ്മാണം (പ്രോജക്ട് നം.72/2020-21,) | വ്യവസായ ഉൽപ്പാദന വിപണന കേന്ദ്രം കെട്ടിടം (പ്രോജക്ട് നം.72/2020-21) | പട്ടികജാതി വികസന ഓഫീസ് കെട്ടിടം (പ്രോജക്ട് നം.74/2020-21) |
| നിർവ്വഹണ ഏജൻസി | സ്വദേശി ലേബർ കോൺട്രാക്റ്റ് & കൺസ്ട്രക്ഷൻ കോപ്പറേറ്റീവ് സൊസൈറ്റി (സ്വാൽകോസ് ലി.), വടകര | സ്വാൽകോസ് ലി., വടകര | സ്വാൽകോസ് ലി., വടകര |
| കരാർ | 16/17-18/09.03.18 | 17/17-18 /09.03.18 | 19/17-18 /09.03.18 |
| സൈറ്റ് കൈമാറിയ തീയതി | 12.03.2018 | 12.03.2018 | 12.03.2018 |
| എസ്റ്റിമേറ്റ് | 21,25000 | 10,00000 | 11,32,000 |
| പുതുക്കിയ എസ്റ്റിമേറ്റ് | 12,75,310 | 8,52,194 | 8,50,495 |
| പ്രവൃത്തി മൂല്യം | 11,67,797 | 7,45,997 | 7,44,813 |
| അളവ് പുസ്തകം | 43/17-18, 4718-19, 31/19-20 | 43/18-19,14 /19-20 | 02/18-19, 03/18-19, 45/18-19, 36/19-20 |

| | | | |
|---|---|---|---|
| പ്രവൃത്തി പൂർത്തീകരണ കാലയളവ് | ഒരു വർഷം | ഒരു വർഷം | ഒരു വർഷം |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 27.02.2020 | 20.01.2020 | 23.03.2020 |
| തൻവർഷ ചെലവ് | 7,40,322 | 1,40,000 | 1,88,103 |

2017-18 ൽ വൻതുക അടങ്കലിൽ തയ്യാറാക്കിയ മേൽ പരാമർശിച്ച പദ്ധതികൾ രണ്ടു തവണ ടെണ്ടർ ചെയ്തിട്ടും ആരും പ്രതികരിക്കാത്തതിനാൽ ഈ പ്രവൃത്തികൾക്കായി ക്വട്ടേഷൻ ക്ഷണിക്കുകയും ആയതിൽ പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കാൻ തയ്യാറായ SWALCOS Ltd എന്ന സൊസൈറ്റിയെ 14.2.18 ലെ ഭരണസമിതി തീരുമാനം 3/1 പ്രകാരം ഇതിനായി തെരഞ്ഞെടുക്കുകയും ചെയ്തു. 2018 മാർച്ച് മാസത്തിൽ ഈ പ്രവൃത്തികൾക്കായി കരാറിലേർപ്പെട്ട് നിർമ്മാണം ആരംഭിച്ചു.

മേൽ പ്രവൃത്തികളുടെയെല്ലാം പൂർത്തീകരണ കാലാവധി ഒരു വർഷമാണ്. ഈ പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ 2018-19 വർഷ കാലയളവിൽ ജനവരി മാസം വരെ നിർമ്മാണ പ്രവൃത്തികൾ മുന്നോട്ട് പോയെങ്കിലും, 2019-20 വർഷത്തിൽ പ്രവൃത്തികളൊന്നും നടക്കാതെ മാസങ്ങളോളം കാലതാമസം വന്നതായി കാണുന്നു. 2019 മാർച്ച് മാസത്തിനുള്ളിൽ മേൽ പ്രവൃത്തികൾക്കായി പല പാർട്ട് ബില്ലുകളും ഈ സൊസൈറ്റിയ്ക്ക് അനുവദിച്ചിട്ടുണ്ട്. തുടർന്ന് ഈ സൊസൈറ്റി നിർമ്മാണങ്ങൾ നിർത്തി വച്ച സാഹചര്യം (ഏകദേശം 11 മാസത്തോളം) വന്നു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പല തവണ സൊസൈറ്റിയുമായി ബന്ധപ്പെട്ടെങ്കിലും പ്രവൃത്തി പുനരാരംഭിച്ചിട്ടില്ല. ഇത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടേയും, ഭരണസമിതിയുടേയും ശ്രദ്ധയിൽപ്പെടുത്തി. പിന്നീട് സൊസൈറ്റിയുടെ പ്രതിനിധിയുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ 3% ഫൈനോടു കൂടി പ്രവൃത്തിയുടെ കാലാവധി പുതുക്കി നൽകുന്നതിന് 9.1.2020 ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഫൈൻ ഈടാക്കിയതിന്റെയും, പ്രവൃത്തി പൂർത്തീകരണ കാലാവധി നീട്ടി നൽകിയതിന്റെയും വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

തുടർന്ന് നിർമ്മാണങ്ങൾ പുനരാരംഭിക്കുകയും നിർമ്മാണങ്ങളുടെ ഫൈനൽ ബില്ലുകൾ നൽകുകയും ചെയ്തു. വിവിധ പ്രവൃത്തി ഫയലുകളിൽ ഫൈൻ തുക ഈടാക്കിയതിൽ അവ്യക്തത നിലനിൽക്കുന്നു. പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കുന്നതിന് ഏറ്റെടുത്ത പ്രവൃത്തിയുടെ മൂല്യം (PAC) കണക്കാക്കണമെന്നിരിക്കെ അതാതുസമയം നൽകിയ ബിൽ തുകയുടെ ശതമാനം

കണക്കാക്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. മൂന്ന പ്രവൃത്തികളുടേയും യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തികളുടെ മൂല്യം അളവു പുസ്തകങ്ങൾ പ്രകാരം ഇപ്രകാരമാണ്,

| പ്രവൃത്തി | മൂല്യം | ഈടാക്കിയ പിഴ | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|
| വ്യവസായ ഉത്പാദന വിതരണ കേന്ദ്രം നിർമ്മാണം | 7,45,997 | 5221 | 22379 | 17158 |
| പട്ടികജാതി വികസന ഓഫീസ് കെട്ടിടം | 7,44,813 | 22344 | 5643 | 16700 |
| എ.ഇ.ഇ, എ.ഡി.എ ഓഫീസുകളുടെ നിർമ്മാണം | 11,67,797 | 35033 | 11105 | 23928 |

മേൽ തുക അടിസ്ഥാനപ്പെടുത്തി പിഴ ഈടാക്കാത്തത് വിശദീകരിക്കേണ്ടതാണ്.

മേൽ പ്രവൃത്തികളുടെ പാർട്ട് ബില്ലുകൾ നൽകിയപ്പോൾ എല്ലാ ബില്ലുകളിലും റീടെഷൻ തുക പിടിച്ചിട്ടില്ല. മേൽ പ്രവൃത്തികൾക്കായി ഈടാക്കിയ റീടെൻഷൻ തുകകൾ തിരികെ നൽകിയോയെന്നത് സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല.

2017-18 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതികൾ 2019-20 വർഷത്തിലേയ്ക്ക് സ്പിൽഓവർ പദ്ധതികളായി തുടർന്നപ്പോൾ സർക്കാർ നിർദ്ദേശ പ്രകാരം സ്പിൽഓവർ പദ്ധതികളുടെ അടങ്കൽ 20% ലേക്ക് പരിമിതപ്പെടുത്തുന്നതിനായി ഈ പദ്ധതികളുടെ അടങ്കൽ വളരെയധികം കുറക്കേണ്ടി വന്നു. ഉദാഹരണമായി എ.ഇ,എ.ഡി.എ കെട്ടിടങ്ങളുടെ അടങ്കൽ 21,25,000/- എന്നത് 12,75,310/- രൂപയായി കുറച്ചു.

ഓഡിറ്റിന് ഹാജരാക്കിയ ഫയലുകൾ പരിശോധിച്ചതിൽ കോഴിക്കോട് പി.ഡബ്യു.ഡി റോഡ്സ്

ഡിവിഷൻ ഏക്സിക്യൂട്ടീവ് എൻജിനീയർ ഒപ്പുവെച്ചിട്ടുള്ള 09.03.2018 മുതൽ 31.03.2020 വരെ സാധുതയുള്ള സി ക്ലാസ്സ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് മാത്രമാണ് സ്വാൽകോസ് ലി. എന്ന സ്ഥാപനത്തിനെ സംബന്ധിക്കുന്ന രേഖയായി ഉള്ളൂ. പ്രവൃത്തികൾ ഏൽപ്പിക്കുന്നതിനു മുമ്പ് സൊസൈറ്റിയുടെ ക്ഷമത പരിശോധിച്ചതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായി വരുന്ന കരാറുകാർ/ഏജൻസികൾ ഏൽപ്പിക്കുന്ന പ്രവൃത്തി ഏറ്റെടുക്കാൻ പ്രാപ്തരാണോയെന്നും, ഇവർ മുമ്പ് ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ പരിശോധിച്ചുറപ്പു വരുത്തേണ്ടതും നിർവ്വഹണോദ്യോഗസ്ഥന്റേയും, ഭരണസമിതിയുടേയും ഉത്തരവാദിത്വമാണ്. പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം മുൻവർഷങ്ങളിൽ (2017-18, 2018-19 വർഷങ്ങളിൽ) ലഭ്യമായിരുന്ന ഫണ്ടുകളുടെ നഷ്ടപ്പെടലിന് കാരണമായി. ഇത്തരത്തിൽ ബ്ലോക്ക് പഞ്ചായത്തിന് സാമ്പത്തിക നഷ്ടത്തിലേയ്ക്ക് നയിച്ച സൊസൈറ്റിക്കെതിരെ എന്തു നടപടിയാണ് പഞ്ചായത്ത് സ്വീകരിച്ചതെന്നും, ഇവർക്ക് തുടർവർഷങ്ങളിൽ പ്രവൃത്തികൾ അനുവദിച്ചിരുന്നോയെന്നതും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. റിട്ടെൻഷൻ ഇനത്തിൽ എത്ര രൂപ ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമാണെന്ന് പരിശോധിച്ച് യഥാർത്ഥത്തിൽ ഈടാക്കേണ്ട ഫൈൻ കണക്കാക്കി ഈടാക്കേണ്ടതാണ്.

2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-9 പ്രകാരം ഈ വിഷയം ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇതിൻ മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 08/2020-21 /25.05.2022-ന് മറുപടി ലഭ്യമാക്കിയില്ല. മേൽ പദ്ധതികളിൽ യഥാർത്ഥത്തിൽ ഈടാക്കേണ്ട പിഴ കണക്കാക്കി, പഞ്ചായത്തിൽ ലഭ്യമായ റിട്ടെൻഷൻ തുകയിൽ നിന്നും അഡ്ജസ്റ്റ് ചെയ്യേണ്ടതും, ബാക്കി തുക സൊസൈറ്റിയിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 1-12 പൊതുമരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ പൊതു അപാകതകൾ

പുതിയ പദ്ധതികൾകളുടെ ചെലവ് തീരെ കുറവ് )

2019-20 വർഷത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് നിർവ്വഹണം നടത്താനുണ്ടായിരുന്നത് സ്പിൽഓവർ പ്രവൃത്തികളുൾപ്പെടെ ആകെ 35 പദ്ധതികളാണ്. ഭൂരിഭാഗം ചെലവും സ്പിൽഓവർ പദ്ധതികൾക്കാണ് വിനിയോഗിച്ചതെന്ന് കാണാം. വിശദാംശം ചുവടെ കൊടുക്കുന്നു,

| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ |
|---|---|---|

| | | |
|---|---|---|
| ആകെ പദ്ധതികൾ | 5 | 30 |
| പുതിയവ | 2 | 19 |
| സ്പിൽഓവർ പദ്ധതി | 3 | 11 |
| ആകെ ചെലവ് | 2616270 | 5295824 |
| തൻവർഷ പദ്ധതികളുടെ ചെലവ് | 0 | 2151184 |
| സ്പിൽഓവർ ചെലവ് | 2616270 | 3144640 |
| സ്പിൽഓവർ പദ്ധതിചെലവ് ശതമാനം | 100% | 59% |

അസി.എക്സിക്യൂട്ടീവ് എൻജിനീയർ പുതിയ പദ്ധതികൾക്കായി തൻവർഷം വകയിരുത്തിയ തുക ചെലവഴിച്ചതേയില്ല. നിർവ്വഹണത്തിനായി തയ്യാറാക്കിയ പദ്ധതികളുടെ വിശദാംശം പരിശോധിച്ചാൽ വർഷങ്ങൾക്ക മുമ്പേ തയ്യാറാക്കിയ പദ്ധതികളും, ബഹുവർഷ പദ്ധതികളുമാണ് ഈ വർഷത്തിൽ ഉൾപ്പെട്ടിരിക്കുന്നതെന്ന് കാണാം. 2016-17 വർഷം മുതൽ നിർവ്വഹണം നടത്തിയ പദ്ധതികൾ വരെ ഈ കാലയളവിൽ ഉൾപ്പെട്ടതായി കാണുന്നു. ഉദാ:- പയംകുറ്റിമല കംഫർട്ട് സ്റ്റേഷൻ പൂർത്തീകരണം, എ.ഇ, എ.ഡി.എ ഓഫീസ് കെട്ടിട നിർമ്മാണം, പട്ടികജാതി വികസന ഓഫീസ് കെട്ടിട നിർമ്മാണം തുടങ്ങിയവ.

2) പദ്ധതികൾ സമഗ്രമായി തയ്യാറാക്കുന്നില്ല

ഓരോ വർഷവും തയ്യാറാക്കുന്ന പദ്ധതികൾ പരിശോധിച്ചാൽ മുൻവർഷത്തിൽ നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി തയ്യാറാക്കുന്നവയാണ്. ബ്ലോക്ക് ഓഫീസിലെ വിവിധ അറ്റകുറ്റ പണികൾ പോലും മുഴുവനായി മനസ്സിലാക്കി ഒറ്റ പദ്ധതിയായി തയ്യാറാക്കുന്നില്ല. അതുകൊണ്ടു തന്നെ ഒരു നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഒരേ വർഷത്തിൽ തന്നെയും/തുടർവർഷങ്ങളിലും വീണ്ടും പുതിയ പദ്ധതികൾ തയ്യാറാക്കേണ്ടി വരുന്നു. ഒരേ മേഖലയിലെ പ്രവൃത്തികൾ പോലും വ്യത്യസ്ത പദ്ധതിയായി രൂപീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണമായി പ്രോജക്ട് നമ്പർ 65, 89, 104 എന്നിവയും പ്രോജക്ട് നമ്പർ 100, 75, 84 തുടങ്ങിയവയും പശ്ചാത്തല മേഖലയിൽ തയ്യാറാക്കിയ പദ്ധതികളാണ്. ആദ്യ മൂന്ന് പദ്ധതികൾ ബ്ലോക്ക് ഓഫീസ് കെട്ടിട നിർമ്മാണവും അടുത്ത മൂന്നെണ്ണം സി.എച്ച്.സി-നിർമ്മാണപ്രവൃത്തികളുമായി ബന്ധപ്പെട്ടതുമാണ്.

പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിലെ അപാകത മൂലം തൻവർഷ പദ്ധതികളുടെ ചെലവു കുറഞ്ഞ് ഭൂരിഭാഗം ചെലവും മുൻവർഷത്തെ പദ്ധതികൾക്കായി മാറ്റി വയ്ക്കുന്ന അവസ്ഥയാണ് ബ്ലോക്ക്

പഞ്ചായത്തിൽ നിലവിലുള്ളത്. ഈ വിഷയം 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-11 -ൽ പരാമർശിച്ചിട്ടുണ്ട്. ഈ അപാകത നിലനിൽക്കുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 09/2020-21/25.05.2022-ന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതികൾ രൂപീകരിക്കുന്നതിലും പദ്ധതി പണം ലാപ്സാകാതെ വിനിയോഗിക്കുന്നതിലും കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്. പദ്ധതി ആസൂത്രണ/നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-13 സി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല

പ്രോജക്ട് നമ്പർ - 42/20-21

നിർവഹണം - മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

പ്രോജക്ടിന്റെ പേര് - സി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ

ഫണ്ട് - വികസന ഫണ്ട്-ജനറൽ

അടങ്കൽ - 2,00,000

ചെലവ് - 2,00,000 (ബിൽ നമ്പർ - 1/20-21 , തീ - 04.06.2020 )

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവഹണം നടത്തിയ സി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ പ്രൊഫോർമ്മ ഇൻവോയ്സ് നം. PRF783, തീ-01.06.2020 പ്രകാരം 2,00,000/- രൂപ മുൻകൂറായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, തൈക്കാട്, തിരുവനന്തപുരത്തിന് മരുന്ന് വാങ്ങാനായി 04.06.2020 ന് നല്കിയിട്ടുണ്ട്. എന്നാൽ 1,79,748/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത്.

20,252 (18,568 + 842.21 + 842.21) രൂപയുടെ താഴെപ്പറയുന്ന ഇനം മരുന്നുകൾ ലഭ്യമായിട്ടില്ല.

| S No | Item | Qty | Rate | Amount | CGST | SGST |
|---|---|---|---|---|---|---|
| 1 | Ecosprin 75 Mg Tab | 5000 | 0.27 | 1350 | 81 (6%) | 81 (6%) |
| 2 | Ecosprin 150 Mg | 3000 | 0.49 | 1470 | 88.2 | 88.2 |

| | | | | | | |
|---|---|---|---|---|---|---|
| | Tab | | | | (6%) | (6%) |
| 3 | Insugen -30/70 Inj | 107 | 72.6 | 7768.2 | 194.21 (2.5%) | 194.21 (2.5%) |
| 4 | Pioglitazone 15 Mg Tab | 3000 | 0.43 | 1290 | 77.4 (6%) | 77.4 (6%) |
| 5 | Cilacar 10 Mg Tab | 1000 | 6.69 | 6690 | 401.4 (6%) | 401.4 (6%) |
| | | | | 18,568 | 842.21 | 842.21 |

മുഴുവൻ മരുന്നുകളും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അപാകതകൾ

പ്രോജക്ട് നമ്പർ - 24/20-21

നിർവഹണം - ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ

പ്രോജക്ടിന്റെ പേര് - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ - 4,94,084 (വികസന ഫണ്ട്-ജനറൽ) + 14,30,916 (ധനകാര്യ കമ്മിഷൻ ഗ്രാന്റ്)

ചെലവ് - 4,80,000 (വികസന ഫണ്ട്-ജനറൽ) + 14,28,725 (ധനകാര്യ കമ്മിഷൻ ഗ്രാന്റ്)

തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റ് കീഴിലുള്ള നാല് ഗ്രാമപഞ്ചായത്തിലെ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബ്ലോക്ക് വിഹിതം നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട മണിയൂർ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് 5,50,000/- രൂപ, വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് 4,50,000/- രൂപ, ആയഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് 3,25,000/- രൂപ, തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് 6,00,000/- രൂപ 25% ബ്ലോക്ക് വിഹിതം എന്നിങ്ങനെയായി ആകെ 19,25,000/- രൂപയാണ് പ്രോജക്ടിനായി വകയിരുത്തിയത്.

2020-21 വർഷം നിർവ്വഹണം നടത്തിയ പ്രോജക്ടിൽ 4 ഗ്രാമപഞ്ചായത്തുകൾക്ക് ഓൺലൈൻ അലോട്ട്മെന്റ് വഴി ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈമാറിയിട്ടുണ്ട്. തുക ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ | ബിൽ നമ്പർ, | ഗ്രാമപഞ്ചായത്ത് | തുക |
|---|---|---|---|

| നം | തീയതി | | | |
|---|---|---|---|---|
| 1 | 110, തീ-08.11.2020 | തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് | 3,79,400 | 6,00,000 |
| 2 | 192,തീ-26.03.2021 | | 2,20,600 | |
| 3 | 121, തീ-08.12.2020 | ആയഞ്ചേരി ഗ്രാമപഞ്ചായത്ത് | 2,21,200 | 3,22,450 |
| 4 | 174, തീ-17.03.2021 | | 65,250 | |
| 5 | 195,തീ-26.03.2021 | | 36,000 | |
| 6 | 137, തീ-12.01.2021 | മണിയൂർ ഗ്രാമപഞ്ചായത്ത് | 3,18,100 | 5,41,500 |
| 7 | 194, തീ-26.03.2021 | | 2,23,400 | |
| 8 | 111, തീ-08.11.2020 | വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് | 1,31,750 | 4,44,775 |
| 9 | 112, തീ-08.11.2020 | | 1,96,025 | |
| 10 | 173, തീ-17.03.2021 | | 1,17,000 | |
| ആകെ | | | | 19,08,725 |

പ്രോജക്ട് ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)വെബ് സാംഖ്യ ബില്ലുകളും മണിയൂർ ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റും മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. അലോട്ട്മെന്റിനായി ഗ്രാമപഞ്ചായത്തുകൾ സമർപ്പിച്ച റിക്വിസിഷനും അംഗീകരിച്ച പ്രോജക്ടിന്റെ പകർപ്പും ഫയലിൽ ലഭ്യമല്ല.

2) മണിയൂർ ഗ്രാമപഞ്ചായത്തിലെ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിന്റെയും വെബ് സാംഖ്യ റിപ്പോർട്ടുകളുടെയും പരിശോധനയിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന 6 പേരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് തുക ട്രാൻസ്ഫർ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം | പേര് | ആധാർ നമ്പർ | തുക | തീയതി |
|---|---|---|---|---|
| 1 | സായന്ത്.പി.പി | 883858343341 | 2400 | 26.03.2021 |
| 2 | പർസാന | 255238333399 | 2000 | 12.01.2021 |
| 3 | രെജിത | 950091513304 | 3250 | 26.03.2021 |
| 4 | സുമതി മോയേരി | 307988448967 | 2000 | 12.01.2021 |

| | | | | |
|---|---|---|---|---|
| | | | 3250 | 26.03.2021 |
| 5 | അഗിലേഷ് | 572860354784 | 3875 | 12.01.2021 |
| | | | 3275 | 26.03.2021 |
| 6 | ഫസീറ | 864573224235 | 3875 | 12.01.2021 |
| | | | 3275 | 26.03.2021 |

3) ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട മണിയൂർ ഗ്രാമപഞ്ചായത്തിലെ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന താഴെപ്പറയുന്ന 8 വിദ്യാർത്ഥികൾക്ക് വെബ് സാംഖ്യ ബില്ലുകളുമായി പരിശോധിച്ചപ്പോൾ തുക നൽകിയിട്ടില്ലാത്തതായി കണ്ടു.

| ക്രമ നം | പേര് | വാർഡ് നമ്പർ |
|---|---|---|
| 1 | ഫാത്തി.കെ,<br>കിഴക്കേ കീരങ്കോട്ട് | 4 |
| 2 | സജീർ.കെ.എം,<br>കിഴക്കെ മയങ്കളത്തിൽ | 4 |
| 3 | നന്ദന, മലയിൽ | 6 |
| 4 | മുഹമ്മദ് മുജ്തബ,<br>ഉരിക്കോത്ത് | 8 |
| 5 | മുഹമ്മദ് അഫ്സിൽ,<br>പറമ്പത്ത് | 10 |
| 6 | അക്ഷയ്.കെ.എം,<br>രാമത്ത്കണ്ടി | 13 |
| 7 | നവതേജ്.വി.ടി,<br>വടക്കെ തയ്യെട്ടത്ത് | 18 |
| 8 | അബ്ദുൾ സലാം, | 14 |

| | | |
|---|---|---|
| | മലയൻകണ്ടി | |

4) ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ വിദ്യാർത്ഥികളാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5) തിരുവള്ളൂർ, ആയഞ്ചേരി, വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തുകളിലെ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളുടെ വിവരങ്ങളടങ്ങിയ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ അർഹരായ വിദ്യാർത്ഥികൾക്ക് തന്നെയാണോ തുക കൈമാറിയതെന്ന് വെബ് സാംഖ്യ റിപ്പോർട്ടുകളുമായി പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചില്ല.

നാല് ഗ്രാമപഞ്ചായത്തുകളിലെയും അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റുകളിൽ ഉൾപ്പെട്ട അർഹരായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് തന്നെയാണ് സ്കോളർഷിപ്പ് ബ്ലോക്ക് വിഹിതം നൽകിയതെന്ന് തെളിയിക്കുന്ന രേഖകൾ പ്രോജക്ട് ഫയലിൽ സൂക്ഷിക്കാത്തതിനാൽ ചെലവ് തുക 19,08,725 രൂപ തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് |
|---|---|---|

| | പരിശോധിച്ച തീയതി | നമ്പർ/തീയതി |
|---|---|---|
| 2020-21 | ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 610000 | ഐ.എ.വൈ ഭവന നിർമ്മാണം 2015-16 | 610000 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 3528000 | ഐ.എ.വൈ ഭവന നിർമ്മാണം 2015-16 | 3528000 |

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| KYIP ഡിവിഷൻ പേരാമ്പ്ര | വില്യാപ്പള്ളി രജിസ്ട്രാർ ഓഫീസ്, കാർത്തിക പ്പള്ളി അക്വഡേറ്റ് & കനാൽ | | 500000 | 488539 | 11461 (തുക 16-01-21ന് തിരിച്ചടച്ചു) |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ/ | തൻ വർഷം | വർഷാരം ഭത്തിൽ | തൻവർഷം തിരിച്ചടച്ച തുക | വർഷാ വസാനം |
|---|---|---|---|---|---|

| ഉദ്ദേശ്യം | തിയ്യതി | എടുത്ത വായ്പ | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഐ.എ.വൈ ഗുണഭോക്താക്കൾക്ക് നൽകാനുള്ള സംസ്ഥാന സർക്കാർ അധിക വിഹിതം നൽകൽ | സ.ഉ.(എസ്) നം.90/2013/ത.സ്വ.ഭ.വ, തീയതി 19-03-2013 | 0 | 3515220 | 1827092 | 1958495 | 1688128 |

ലോൺ രജിസ്റ്ററിൽ തിരിച്ചടവ് വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ലോൺ തിരിച്ചടവ് സംബന്ധിച്ച് വിശദമായി 2019-20 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-6 ൽ പരാമർശിച്ചിട്ടുണ്ട്. ഇതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2000-01 | | 2001-02 | പൊതു പരാമർശം | 1.ഡിസ്ട്രിബ്യൂട്ടറി കനാൽ ഉപയോഗ യോഗ്യമാക്കൽ 2) ട്രൈസം ട്രെയിനിംഗ് സെന്റർ കെട്ടിട നിർമ്മാണം | |
| 2003-04 | 3-1 | 2005-06 | പൊതു പരാമർശം | സാങ്കേതിക നിർദ്ദേശം പാലിക്കുന്നില്ല. മരാമത്ത് പ്രവർത്തികളിൽ ലക്ഷങ്ങളുടെ നഷ്ടം | നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കേണ്ടതാണ്. |
| 2002-03 | 12, 13 | 2005-06 | പൊതു പരാമർശം | ഭവന നിർമ്മാണം ധനസഹായം കൈപറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കുന്നില്ല | നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കേണ്ടതാണ്. |
| 2013-14 | 3-2<br>4-1 | 2014-15 | പൊതു പരാമർശം | 1. വസ്തുവകകൾ കാട് പിടിച്ചു കിടക്കുന്നു. 2. ഉപയോഗ ശൂന്യമായ കാർഷിക ഉപകരണങ്ങൾ | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | സർട്ടിഫിക്കറ്റ് നം./തീയതി | ഉൾപ്പെട്ട തുക |
|---|---|---|
| 1999-2000 | ഖ നം.269,37, 38(3), 29(2) | എൽ.എഫ്.15351/സ്പെ.സെൽ. സി3 5/03 തീയതി.15.01.15 – 7425/- |
| 2000-01 | ഖണ്ഡിക നം.30(1), 33, 37, 350 | എൽ.എഫ്.153/52/ സ്പെ.സെൽ. എസ്.സി.5/03 തീയതി.21.02.03 - 86348/- |

4-10 ഓഡിറ്റ് പ്രത്യവവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,28,53,302 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,07,47,153 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21,58,725 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-6 | 250000 | അനൂപ് ഷിനു.കെ,<br>വ്യവസായ വികസന ഓഫീസർ |
| 1-14 | 1908725 | ഷീനി.ജി.കെ,<br>സി.ഡി.പി.ഒ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനൂപ് ഷിനു.കെ, | വ്യവസായ വികസന | അനുഗ്രഹം വീട്, |

| | | |
|---|---|---|
| വ്യവസായ വികസന ഓഫീസർ | ഓഫീസർ, നെടുമങ്ങാട് ബ്ലോക്ക് | നടയ്ക്കുതാഴെ പി.ഒ, വടകര, 673104 |
| ഷീനി.ജി.കെ, സി.ഡി.പി.ഒ | സി.ഡി.പി.ഒ, പന്തലായനി ബ്ലോക്ക് | കളത്തിങ്കൽ വീട്, നടേരി പി.ഒ, 673620 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96, 1996-97 1997-98 | എൽ.എഫ്.കെ.കെ.ഡി/പി.7-36/ 12(1), 14-02-2012 | 4 (22എ (4), 28, 30, 35എ (1,2) |
| 1998-99 | കെ.എസ്.എ.കെ.കെ.ഡി/പി.7/ 2258/16/ 20.05.2017 | 1 (36) |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി.7-36/ 12(11), 28.03.2012 | 7 (26(എ), 32, 33, 37, 38(3), 39(2), 41) |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി.7-36/ 12(3), 14.02.2012 | 11 (30, 31, 32, 33, 36, 37, 38(3), 39(2), 41, 50, 52 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി.7-36/ 12(4), 14.02.2012 | 3 (21, 29, 31) |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി.7-36/ 12(5), 14.02.2012 | 6 4(1), 6(2, 3), 7, 8, 12, 13 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി.7-36/ 12(6), 14.02.2012 | 2 (3-1, 3-5) |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി/പി.12/ 919/20, 4.02.21 | 1 (3-3(3) |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി/പി.12/ 862/20, 28.01.21 | 1 (3-7) |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി/പി.12/ 1155/20(2) , 8.10.21 | 1 (3-6 ) |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി/പി.12/ 911/20/4.02.21 | 3 (3-6(എ,സി), 3-9, 3-10) |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി.7-741/ 12/06.07.2012 | 15 (1-1), 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, (3-6(1,2,3), 3-7, 3-8, 3-9, 3-10, 3-11, 3-12) |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി/പി.12/ 267/21/ 14.7.21 | 6 (3-3, 3-4, 3-5, 3-6(1,2,3), 3-10, 4-6(ബി) ) |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി/പി.7 /1200/ 14/06.11.2014 | 6 (3-1, 3-6, 3-11(1), 3-12, 3-13, 3-14 |
| 2012-13, 2013-14 | കെ.എസ്.എ.കെ.കെ.ഡി/പി.7/ 1240/ 2015/ 07.09.2015 | 9 (3-2, 3-3(1,3), 3-4, 3-5, 3-6, 3-7, 3-8, 3-9, 4-1) |
| 2014-15, 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി.12/ 1155/20/ 11.2.21 | 9 (3-1, 3-2, 3-3, 3-6, 3-7, 3-9, 3-10, 3-11, 3-12) |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി.12/ 1155/20(1)/ 11.2.21 | 6 (3-3, 3-4, 3-5, 3-6, 3-7, 3-10) |

| | | |
|---|---|---|
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി.12/ 926/21/8.10.21 | 5<br>1-12, 2-1, 3-1(സി.ഡി),<br>3-3(എ,ബി(2),(3), സി), 4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി.8/ 55/22/11.4.22 | 5<br>(1-9(4), (5), (7 ഭാഗികം),<br>1-15 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി.8/ 554/2022 Dtd 31-03-2022 | 1-1, 1-2, 1-3, 1-4, 1-5, 1-6, 1-7,<br>1-8, 1-9, 1-10, 1-11, 1-12, 1-13,<br>1-14, 1-15, 1-16 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്